അഹം ബ്രഹ്മേതി നിശ്ചിത്യ
അഹം ഭാവം പരിത്യജ

# ശ്രീധരാനന്ദ മകരന്ദം


പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

**ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി,**

**കായംകുളം.**

ॐ

# ശ്രീധരാനന്ദ മകരന്ദം

പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി,

കായംകുളം.

Malayalam
SREEDHARANANDA
MAKARANTHAM

Author:
SADHU SREEDHARAN

Published at:
SREEDHARA DESAM TRUST
Govindamuttam P.O.,
Puthuppally, Kayamkulam.

Printed at:
A. B. Press,
Chengannur

Copies 500

Copyright Reserved
26-5-1997

Phone: 443465 Kayamkulam



# ശ്രീധരാനന്ദ മകരന്ദം

ഓം

ശ്രീ ഗുരുവേ നമഃ

ശ്രീധരാനന്ദമകരന്ദമാം
ശ്രവണമനോഹരവാക്യങ്ങൾ കോത്തുകെട്ടി
ശബ്ദാൽ വ്യഞ്ജനമാക്കി
ധ്വനിയാൽ സ്വരങ്ങളാക്കി
നാദാൽ വിസ്തൃതിപൂരിതമാക്കി
ആകാശേ സൂര്യനേപ്പോലെ
വിസ്തൃതിമുഴുവൻ ജ്വാലാമാല
വിതറിവിലസി പ്രശോഭിക്കും
സംവിത്തിൻ പൊടിപൂരമേ
ആനന്ദത്തോടേററവുമടുത്ത
നാദബിന്ദ്വാത്മകമേ സ്രോതസേ

തേജോബിന്ദുവതാകും
ജ്യോതിസാംജ്യോതിസാകും
വർണ്ണശബളതപൂകി
കണ്ണിനാനന്ദമേകും
രശ്മിതൻതേജോരൂപമേ

ആയതും കടന്നങ്ങങ്ങെത്രയോ
സൂക്ഷ്മാതിസൂക്ഷ്മപരിണാമമായി
പരമാണുവായ് പ്രസരിക്കും
ബിന്ദുവേ നാദമേ നിൻ
പ്രസരണം നിൻത്രസരം
എത്താത്തിടത്തുമററാരു
ചെന്നെത്തും ആരുതാനതു്.

കാണുന്നില്ലേ ഈലോകേ
എട്ടുംപൊട്ടുംതിരിയാ
പിഞ്ചുകരം മനയുന്നില്ലേ
വീടുകളീക്കിലാൽ ചുള്ളിയാലും

താനേകില്ലസ്സഹ്യം
തന്നാലില്ലസഹ്യം
എന്നമൗനാലുറപ്പേകി
മന്ദമന്ദം ഗമിക്കുംപോക്കും
ഓർക്കുന്നില്ലേ കാണുന്നില്ലേ
ഇന്നും നാളെയും പുതുമേനിയായി
പറന്നുപറന്നകലുന്നോ
കൂടുവിട്ടങ്ങകന്നുപറക്കും
ഏകാകിയാം പക്ഷിപോൽ
എന്തേ എന്തേ ഈ കാണുവതു്
കൂട്ടത്തിൽ നിന്നും പോന്നതല്ലാ
കൂട്ടമൊട്ടുഞാൻ കണ്ടതേ അല്ലാ.

ഓം

## ശ്രീ ഗുരവേ നമഃ

ആകാശസൂക്ഷ്മതരു
ഓങ്കാരത്രുപഹരി
താൻതന്നെ എന്ന
റിക നാരായണായ നമഃ

നിസ്സാരമല്ലേ ഞാനെന്നുപറയുവതു്
നിസ്സാരമാണോ ഞാനെന്ന പൊരുളതു്.

''ഞാനെന്നഭാവമതു തോന്നായ്കവേണ
മതുതോന്നുന്നതാകിലഖിലം ഞാനി
തെന്നവഴിതോന്നേണമേ
വരദനാരായണായ നമഃ''

''ആത്മാഹം സർവഭൂതാനാം
വിഭുസാക്ഷീ ന സംശയാ
ബ്രഹ്മൈവാഹം സർവവേദാ
ന്തവേദ്യം നാഹംവേദ്യം
വ്യോമവാതാദിരൂപം''

ഇവകളെല്ലാം സാക്ഷാത്കാര അരുളുകളാണു്. ഇവയേ നാമറിയുംവിധം ഓത്താൽ കേവലം പൊരുളുകൾ മാത്രമായാണെത്തുപെടുക. എന്നാലിവകളെ അരുളായി കണ്ടു് സ്വായത്തമാക്കി അനുഭവാവസ്ഥയിൽ അരുളാക്കി തന്നെ എടുക്കണം അല്ലെങ്കിൽ ഇവകൾ കേവല വിശിഷ്ടജ്ഞാനം മാത്രമായി നിന്നുകളയും.

സർവഭൂതങ്ങൾക്കുമാത്മാവായവൻ, സർവവ്യാപിയായവൻ, സർവശക്തനായ ശക്തി ഉററവൻ, സർവത്തേയുമറിഞ്ഞു നിലകൊള്ളും സർവജ്ഞനായവൻ

എന്നും മററും സംശയധ്വംസനം ചെയ്തു് വിവരിക്കും വരികരം ഉപനിഷത്തുകളിൽ വേണ്ടുവോളം കാണ്മാനുണ്ടു്. ഇവയെല്ലാം സാക്ഷാത്ക്കാര അറിവുകളായാണു് വിവരിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ഇവയേ അരുളെന്നെങ്ങെനെ പറയും. ഇവയേ അറിയേണ്ടും പൊരുളെന്നാണു് വകയിരുത്തി കാട്ടുന്നതു്. അല്ലാതെ അരുളം— സ്വാനുഭവമായറിഞ്ഞതായിട്ടാരു പറഞ്ഞിട്ടുണ്ടു്.

ശ്രീവാസിഷ്ഠം മുതലായ ചില ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കും വിധത്തിൽ കണ്ടെത്തണം.

‘മുന്നമൊരിക്കൽ കചൻതാൻ സമാധിയിൽ
നിന്നെഴുന്നേററ രമാനന്ദമാർന്നഹോ
ധന്യൻതനിയേ വിജനസ്ഥലത്തിങ്കൽ
നിന്നു സഗൽഗദമിങ്ങനെ ചൊല്ലിനാൻ
എന്താണു ചെയ്യേണ്ടതെങ്ങു പോകേണ്ടു ഞാൻ
എന്തെടുക്കേണ്ടു ഞാനെന്തിനെ തള്ളേണ്ടു
ഹന്തമഹാകല്പകാലജലം പോലെ ഞാൻ
തന്നെ എങ്ങും നിറഞ്ഞിരിക്കുന്നിതു്.
മേനിക്കകത്തും പുറത്തും ചുവട്ടിലും
നൂനം മുകളിലും പത്തുദിക്കിങ്കലും
ഞാനുണ്ടെവിടെയും പാർത്തുകണ്ടീടുകിൽ
ഞാനില്ലയാതെ കണ്ടില്ലൊരിടമത്രും
ഏതൊന്നിലില്ലാതിരിക്കുന്നു ഞാനഹോ
വാദമില്ലല്പവുമായതില്ലെങ്ങുമേ.’’

ഇങ്ങനെ സ്വാനുഭവസമ്പൂർണ്ണമായ സാക്ഷാത്ക്കാരമാണുണ്ടാവേണ്ടതു്. ഇപ്രകാരേണ അറിഞ്ഞുപറയുകയും വേണം. അല്ലാതെ ഞാനെന്നു പറയുമ്പോൾ ഞാനെന്നെന്തിനേയോ ധരിച്ചിട്ടു് അഥവാ ഊഹിച്ചിട്ടു്, ശരീരത്തിലെവിടെയോ അഥവാ ശരീരമാകമാനമോ

എന്നെന്തോ ഉൾക്കൊണ്ടു്, അറിയപ്പെട്ടപൊരുളായ എന്തിനേയോ അറിയുന്നെന്നു കണക്കാക്കി കാട്ടി സംസാരിക്കുന്നതു്, അതുപോലെ തന്നെ ആണു് മാനവരാശിയുടെ സർവ അറിവുകളും. ആരാരെ അറിഞ്ഞു, അറിഞ്ഞതാരെന്നറിഞ്ഞോ, എങ്ങനറിഞ്ഞുവെന്നറിഞ്ഞോ, ഇവകളെ പരിഗണിക്കാതെ താനെന്തിനേയോ അറിഞ്ഞു എന്നറിഞ്ഞ ഭാവേന പറയുന്നതു് കഷ്ടാൽ കഷ്ടമല്ലേ, പച്ചക്കള്ളമല്ലേ, ബോധവിഹായസെന്നും ബോധാകാശമെന്നും മററും സ്വപ്നസമാനം കണ്ടു് ഇതു സത്യമെന്നുറച്ചു് സത്യമായി പറവതു് അസത്യമാണു്. ഇങ്ങനെ സത്യം നിർവ്വിഷയാഖ്യം തന്നെയെന്നു തീർച്ചചെയ്തറിയണം.

താൻതന്നെ അറിഞ്ഞില്ല, താനെവിടെന്നറിഞ്ഞില്ല, എങ്ങനിരിക്കുന്നവനെന്നറിഞ്ഞില്ല, തന്നെ സംബന്ധിച്ചോ താൻ നിലകൊള്ളും ലോകത്തെക്കുറിച്ചോ ഒന്നിനെ പററിയും അറിഞ്ഞെന്നു പറവാനാവില്ലാ. ഇതേതു മനുഷ്യന്റെയും അവസ്ഥയാണു്, മായന്റെയും മഹാന്റെയും.

ഇതിൽ നിന്നും ചില വ്യത്യാസങ്ങൾ കണ്ടെത്താൻ കഴിഞ്ഞാൽ തന്നെയും ദേവനുമൊന്നുമറിയുന്നില്ലെന്നു കാണാൻ കഴിയും.

ഇങ്ങനെല്ലാമറിയുമ്പോളറിയാം അവ്യക്തമാം പൃകരാശിയിൽ ആണ്ടുമറഞ്ഞുകിടക്കും എത്രയെത്ര വിജ്ഞാനകുസുമങ്ങളാണു് മണം വിതറി ബോധാമൃതസുഗന്ധം പരത്തി വിശുദ്ധവിജ്ഞാനീയ ധാതാക്കളായി മിന്നിമിന്നിപറക്കും പക്ഷികൾ പോൽ ഭുവനേ കണ്ടെത്തുന്നതു്. ഒരു കുട്ടിയേ പോൽ പറന്നു മറയും പക്ഷിയേ

എണ്ണംപോലെയും തിളങ്ങും നക്ഷത്രജാലമെണ്ണം പോലെയും, സമുദ്രേ തിരമാല എണ്ണം പോലെയും വിസ്തീർത്തമെന്നെത്തുപെടും ഇവകളുടെ തിട്ടപ്പെടുത്തലും.

ബോധോദയേ എല്ലാം മറഞ്ഞു് എല്ലാം ലയിച്ച് ഏകീഭവിച്ച സുഷുപ്തിയിൽ രാത്രിപോൽ പ്രശോഭിക്കും ബോധമാത്ര ഈക്ഷിതനായി ശബ്ദരഹിതനായി ഈക്ഷിതനെന്നറിയാതെ ഈക്ഷണമാത്രനായി സാക്ഷി യെന്നു പറഞ്ഞാൽ അബദ്ധമെന്നു പറവാൻ വയ്യാത്ത വനേ പോൽ ഒരു തുരീയൻ താനായി നിലകൊള്ളുന്ന വനായറിയപ്പെടും.

ഇനിയും ചില പ്രത്യേകതകൾ വെളിപ്പെടുത്താം. അത്യഗാധമായ ചില നിലയനങ്ങൾ സുഷുപ്തിയി ലുണ്ട്. അതിന് ശാസ്ത്രസമ്മതവുമുണ്ട്. അതു നമുക്കല്ലും ആരാഞ്ഞറിഞ്ഞു രേഖപ്പെടുത്താം.

സാധാരണയായി വിശിഷ്ട വിജ്ഞാനപ്രദനായ ജാഗ്രത്തും അതിന്റെ പ്രതിബിംബ വിധേനപ്രശോ ഭിച്ച വിലസും സ്വപ്നപുരുഷനും, എല്ലാം ലയിപ്പിച്ച് ഏകീഭാവം പൂണ്ട് ആനന്ദഭുക്കായി ലൗകികവും ദേഹാ ദികളുംവിട്ട് പ്രാണഭരണകർത്തൃത്വം താനനുഭവിക്കാതെ, അനുഭവിക്കാനോ തടയാനോ കെല്പില്ലാതെ, അനുഭവി ക്കപ്പെട്ട നിലയെടുത്ത് എങ്ങും ശരണാഗതിയില്ലാത്ത വനേ പോലെ ഒരു നിലയാണ് സ്ഥിതിചെയ്യുമവസ്ഥാ വിശേഷമേവനും അനുഭവവേദ്യമാണല്ലോ. ഇതിനെ ആണ് സുഷുപ്തി എന്നറിയപ്പെടുന്നത്. ഈ നില അത്യന്തം ഗോപ്യവും എന്നാൽ ശ്രദ്ധിക്കപ്പെടേണ്ടതു മാണ്. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ നിലകളെ വെടിഞ്ഞു് അത്യന്തം ശ്രദ്ധേയനായ തുരീയനൊത്തു

നിലകൊള്ളും തുരീയാവലോകനത്തിന് സഹായിയു മായി നിലകൊള്ളുന്നവനാണ്ഈ സുഷുപ്തൻ. ഈ നില പാട് വിവരിക്കാൻ സുഗമമല്ലെങ്കിലും അവശ്യമാവശ്യ മാണു. തുരീയനെ ആരും വിവരിച്ച് സുസമ്മതി നേടി യതായറിയുന്നില്ല. സുഷുപ്തിനില മുൻ പറഞ്ഞ കാര്യം സുവ്യക്തം നമ്മേ മനസ്സിലാക്കുന്നുണ്ട്. സുഷുപ്തനവ്യക്ത നാണ്. എങ്കിലും സൂചനകളും അറിവുകളും നല്കുന്നുണ്ട്. ഇതിൻെറ നില എന്തെന്നും എങ്ങനെന്നും ആരും വ്യക്ത മാക്കിയിട്ടില്ല. ആനന്ദഭുക്കെന്ന വിവരണം തന്നെ ശര ണാഗതി, തുരീയൻെറ നില ഇതിലവ്യക്തമാണ്. പക്ഷേ ബോധാമൃതം എന്നതു് വ്യക്തമല്ലെങ്കിലും പിടി ച്ചുപററാൻ കഴിയും.

ശാസ്ത്രമെന്നതു് ന്യായീകരിക്കപ്പെട്ട ശുദ്ധസിദ്ധാ ന്തമാണ്. അവയ്ക്കു് മാലിന്യം കല്പിക്കയോ കണ്ടെത്തു കയോ സാദ്ധ്യമല്ലെന്നാണ് സമ്മതം. എല്ലാ വേദാന്തി കളും അറിഞ്ഞിരിക്കേണ്ട ചില പൊരുളുകരം നമുക്കല്പം പഠിയ്ക്കാം. അരുരം പൊരുരം വ്യത്യാസവുമറിയണം. ഇവകരം അത്യന്തം ഉന്നതിയിലുള്ളവകളാകയാൽ അനു ഭവിച്ചുതന്നെ അറിയേണ്ടവയാണ്.

ധ്യാനം പ്രവത്ത്യോന്മുഖമാണ്. സമാധിഫല രൂപിയാണ്. സാക്ഷാത്ക്കാരം ഇവകളെ കടഞ്ഞു് കണ്ടെത്തിയ അമൃതാനുഭവമാണ്. സാക്ഷാത്ക്കാരം അവ്യക്തം കാട്ടി മറയാൻ ശ്രമിക്കും.

സമാധി എന്നുപറയുന്നതു് സാക്ഷാല്ക്കാരത്തിൻെറ പൂർണ്ണ അറിവിനേയും വിശദമായി തരുന്നില്ല. അവ അല്പം വിവരിച്ച് വെളിപ്പെടുത്താൻ ശ്രമിക്കാം.

മനുഷ്യൻ ശിക്ഷിക്കപ്പെട്ടവനല്ലാ. അവൻ സാക്ഷാ ലീശ്വരൻ തന്നെയാണ്. ഈശ്വരൻ എന്ന ഇടത്തിൽ

തന്നെതന്നെ പ്രതിഷ്ഠിച്ചവനാണ്. ഈശ്വരന്റെ വിശദവിവരണം കഴിഞ്ഞു അതിൽതാൻ, അതുതാൻ, എന്നു കണ്ടാലേ സാക്ഷാൽക്കാരമാകൂ. അപ്പോൾ മാത്രമേ സത്യമാകൂ.

ആകാശേ സൂര്യബിംബം, കടലിൽ പ്രതിബിംബം, കല ജലത്തിലും പ്രതിബിംബം, രൂപമൊന്നുപോലെ തന്നെ. ജ്യോതിസിൽ മാററമുണ്ട്, തീഷ്ണത വ്യത്യാസമത്രേ. അങ്ങനൊന്നുമല്ല ബ്രഹ്മബിംബം. ആകാശംനിഴലിപ്പു കുപ്പിച്ചില്ലിൽ അതുപോലെ കടലിലും പാത്രജലത്തിലും,തീഷ്ണതയേ ഇവിടില്ലല്ലോ രൂപമൊന്നുപോലെ തന്നെ. പക്ഷേ ബോധപ്രകാശേ ജ്യോതിസാംജ്യോതിസാൽ തിരിച്ചറിയാം. അതുപോലെവസ്തുതത്വവിജ്ഞാനീയം പരിശോധിച്ചാലും ചില പ്രത്യേകതകൾ ഏതോ അടക്കം ചിട്ടയും കലർത്തി കണ്ടെത്തും. ഇവയെല്ലാം ബോധ വ്യവഹാരമാണ്. ഏതു വസ്തുതത്വമറിയണമെങ്കിലും ബോധാവലംബനം കൂടിയേ തീരൂ. ഇങ്ങനെ സർവ്വ വസ്തു തത്വങ്ങളേയും കോർത്തിണക്കിയിരുപ്പതു് ബോധമെന്ന തന്തുവിലാണ്.

ബോധമെന്താണ്, അതെങ്ങനാണ നിലകൊള്ളുന്നതു്, അതിനെ വിശകലനം ചെയ്യുക സാദ്ധ്യമോ? വിഷയ സ്ഥാനീയങ്ങളായറിയപ്പെടും വസ്തു തത്വങ്ങൾ തനിയേ നില്ക്കുമോ, അതേപോലെ തന്നെ വസ്തുതത്വാവലംബനം, അതായതു് വിഷയസ്ഥാനീയ മായൊന്നിനെക്കൂടാതെ ബോധം നിലനില്ക്കുമോ. ഇവ കടഞ്ഞാൽ പാലാഴി കടഞ്ഞു് അമൃതം ലഭിച്ചതുപോലെ വല്ലതും ഉത്കൃഷ്ടവസ്തു തത്വന്തനം വന്നുചേരുമോ, സമുദ്രജലമല്ലാതെ മററുവസ്തുതത്വങ്ങൾ, പുഴിപൊങ്ങിടാത്തതുപോലെ ബോധപയോധിയിൽ ബോധമല്ലാതെ

മറെറാന്നു,പൊങ്ങിവരുകയില്ലല്ലോ. ഇതൊരു വാസ്തവാനുഭവമാണു്. ബോധവും കിട്ടും മുക്തിയും കിട്ടും എന്നും മററും കൊട്ടത്താപ്പു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ ബോധത്തെ വേർപെടുത്തി ഒരു മുക്തി നിലനില്പു സാദ്ധ്യമല്ലാ. നിത്യബോധാമൃതം തന്നെയാണു മുക്‌തി അല്ലാതെ ബോധത്തെ രണ്ടായ്‌ നിറുത്തും മുക്‌തിയില്ല. ബോധമല്ലാതെ മറെറാന്നുമവിടില്ല. അതിനെ വേണമെങ്കിൽ മുക്‌തി എന്നു പറഞ്ഞുകൊള്ളൂ.

ഇവിടേയും നില്ക്കാതെ നിങ്ങൾ ഒന്നുകൂടി കടന്നാലോചിക്കുക. ബോധമെന്താണു് അതെവിടെ എങ്ങനെ നിലകൊള്ളുന്നു. അതിനെ എങ്ങനെ വിശകലനം ചെയ്യാം. വിഷയസ്ഥാനീയങ്ങളായ വസ്തുതത്വങ്ങൾ തനിയേ നില്ക്കുമോ, അതുപോലെ വസ്തുതത്വാവലംബനം അതായതു് വിഷയസ്ഥാനീയനായ ഒന്നിനെക്കൂടാതെ ബോധം നില്ക്കുമോ ഇവകൾ സുവ്യക്തം അറിഞ്ഞിരിക്കണം. ബോധവും കിട്ടും മുക്തിയും കിട്ടും എന്നു് കൊട്ടത്താപ്പെടുക്കരുതു്. ബോധമില്ലാത്തമുക്തി എന്നൊന്നില്ല എന്നറിവുപെടും.

ഇനിയും മുക്‌തി തിളങ്ങുമിടം ഒന്നുകൂടി വിവരിക്കാം. ബോധമാത്രനായി നിലകൊണ്ടു് തരംതാഴാ നിലയിലിരുപ്പതത്രേ മുക്‌തി. ഇതിൻെറ മുന്നോടിയായി അല്പം ചില കാര്യങ്ങൾ കൂടി അറിഞ്ഞിരിക്കേണ്ടതുണ്ടു്. മനുഷ്യൻ ശിക്ഷിക്കപ്പെട്ടവനല്ലാ. അവൻ ഈശ്വരതുല്ല്യൻ, അല്ലാ ഈശ്വരൻ തന്നെ ആയി നിലകൊള്ളേണ്ടവൻ. ഈശ്വരൻ എന്ന ഇടമതിൽ തന്നെ പ്രതിഷ്ഠിച്ചവനത്രേ മനുഷ്യൻ. ഈശ്വരൻെറ പൂർണ്ണവും വിശദവുമായ വിവരണം കഴിഞ്ഞു് -താൻ- അതുതാൻ- എന്നു കണ്ടു് ബോധ്യപ്പെട്ടു് നിശ്ചലജ്ഞാനേ ഉറച്ച

നില എടുത്തു് നിത്യനായി നിലനില്പതത്രേ സത്യം. അവിടയേ ഉള്ള ജ്ഞാനപൂർണ്ണിമ, അവിടെ ആനന്ദ നൃത്തം ചെയ്യുമാറനുഭവം, കൂടുതൽ പറയാൻ ശ്രമിക്കാം.

ദേഹം-മനസ്സു്-മായാ-ലോകം ഇവയെല്ലാം ബ്രഹ്മം തന്നെ ആണു്. ദേഹത്തിലാണു് മനസ്സിരിപ്പതെങ്കിലും അതു് ദേഹത്തേ അറിയുന്നില്ലാ. കഴിക്കുമാഹാരം, രക്തമാകുന്നതോ, മാംസമാകുന്നതോ ഒന്നും മനസ്സറിയുന്നില്ല. സ്ഥൂല ശരീരമാകട്ടെ അതൊന്നും തന്നെ അറിയുന്നില്ല. ശരീരം വളരുന്നതോ വലുതാകുന്നതോ പോലും മനസ്സറിയുന്നില്ലാ. അറിവെന്നതു് ശരീരവകയെന്നുപോലും പറക പ്രയാസമാണു്. പിന്നെ ഇതൊക്കെ അറിവതാരു്, അറിയേണ്ടതാരു്. ഇവയെല്ലാം പറക സാദ്ധ്യമോ, ആരെവിടെ എങ്കിലും പറഞ്ഞുവോ. മനസ്സിൻെറ അംശമായ ബുദ്ധി, തുഴ കയ്യിലെടുത്ത കടത്തുകാരനേപ്പോലെ ധൈര്യമായി വ്യക്തം പറയുന്നുണ്ടോ. നിസ്സാരമെന്നു പറയാനുള്ളതെന്നു തോന്നും ജീവബ്രഹ്മാവസ്ഥ അറിഞ്ഞു തെളിയും പ്രകാരേണ വിവരിച്ചാലേ വഴിയാകും വണ്ണം അറിവെത്തു പെടൂ. ബ്രഹ്മം ഞാനെന്നു പറഞ്ഞാൽ ബ്രഹ്മത്തിൽ ഞാനോ, ബ്രഹ്മം തന്നെ ഞാനോ ബ്രഹ്മമേ ഞാനാകകൊണ്ടു് ആദ്യപാഠം ശരി ആകുകയില്ല. ബ്രഹ്മമേ ഞാനെന്നു വന്നാൽ എൻെറ നിലപാടതെങ്ങിനെ, ഞാനെങ്ങിനെ നില്ക്കുന്നു ഞാനെങ്ങിനെ ഉള്ളതു്. ഞാനില്ലാതെ ബ്രഹ്മം മാത്രമെന്നുവന്നാൽ-അഹം ബ്രഹ്മാസ്മി, അഹം ബ്രഹ്മാസ്മീതിരസ്കൃതമാകുന്നതു് ശ്രുതിസമ്മതമാകുമോ. ശ്രുതി എന്തിനിങ്ങനെ പറഞ്ഞു എന്ന ചോദ്യം ഉത്തരം മുട്ടിനില്ക്കില്ലേ.

ലോക ബീജാങ്കുരം ശബ്ദം തന്നെ ആണു്. ശബ്ദഹീനതഭവിക്കൽ ബ്രഹ്മാനുഭവത്തിൽ മാത്രമാണു്. ശബ്ദ

ഗ്ഗുണകമാകാശം നിശബ്ദം ബ്രഹ്മലക്ഷണം. നാദാന്തവടിവായ് നടുനിലയായ് നില്ക്കുവതു് മുക്തിജന്യമെന്നു് മാത്രമല്ല തനിമുക്തി തന്നെയാണു്. 'നിർമ്മക്തും'; നിത്യമുക്തം നിരതിശയാനന്ദ മാത്രേണഭാസം. എന്നൊക്കെ മുക്തി വിവരണം കാണ്മാനുണ്ടു്.

ആത്മാ, ജീവഭാവാനുഭവിയായി ഭവിച്ചതായി തോന്നും ആത്മവാനേ കരകേററും കീറാമുട്ടി കീറും പ്രവത്തനമാണു് മനുഷ്യരാശിയേക്കൊണ്ടു് ഈശ്വരൻ ചെയ്യിക്കുന്നതെന്നു തോന്നുമാറാണു് അനുഭവം കാണുന്നതു്, ഈ അനുഭവാന്വേഷണം രസാവഹം തന്നെ ആണു്.

മനുഷ്യനു് ജനിക്കണമെന്നാശയില്ലാ ജനനമുണ്ടാകുന്നതവൻെറ ആവശ്യത്തിന്മേലല്ല. എന്തെന്നാൽ ഒരുവനും നിത്യമുക്തത വേണ്ടെന്നു വെയ്ക്കുവാൻ തയാറാകുകയില്ലാ. ഭോഗാസക്തി സ്വായത്തമല്ലാ. ആത്മപ്രകൃതവുമല്ല ആത്മാനുഭവവുമല്ലാ. ആത്മസ്വഭാവവുമല്ലാ. ലോകവാദികരം ആലോചനാ ശുദ്ധിക്കുറവു കൊണ്ടു് മായാശക്തി വരുത്തിക്കൂട്ടും വിനകളാണിവയെല്ലാം. ലോകമാകമാനവും പുച്ഛാഹ്വും നിത്യനിന്ദ്യവുമാണു് ഇവയൊന്നും ആത്മസ്വഭാവവുമല്ല. ഈശ്വരനായാലും ദേവനായാലും മനുഷ്യനായാലും പരോപകാരമേ പുണ്യം പാപമേ പര പീഡനമെന്നതു മനസിലാക്കണം. എല്ലാവക്കമിതറികയും ചെയ്യാം. അന്യഥാ അനുഭവം കണ്ടെത്തുന്നതു് കേവലമായാ വൃത്തിഫലമാണു്. ഇതു് ജീവിക്കളികുതുകികാംക്ഷ മാത്രം വച്ചിട്ടുള്ളതാണു്. ഇതിത്രയും കൊണ്ടു നില്ക്കട്ടേ. മറെറാരു വിഷയേ അല്പം കടക്കാം.

ആത്മാവിനേയും ജീവനേയും കൂട്ടിക്കുഴച്ചാണു് പലരും മനസ്സിലാക്കിയിരിക്കുന്നതു്; ഇതിൻെറ

സൂചനകൾ പുരാണേതിഹാസങ്ങൾ വ്യക്തം വെളിപ്പെടുത്തുമിടങ്ങളുണ്ട്. കുണ്ഡലിനീ ശക്തി, ജീവൻ, ആത്മാ ഇവയൊക്കെ വ്യക്തമായറിയണം. ഇതിഹാസഭാരതത്തിൽ ശരിസൂചനകൾ ഉണ്ട്. മുൻപറഞ്ഞവയെല്ലാമൊന്നല്ല. ഇവകൾക്ക് നാമറിഞ്ഞിരിക്കേണ്ട വ്യത്യാസങ്ങളുണ്ട്. യുദ്ധാനന്തരമുള്ള ഭാരത പോക്കളത്തിൽ പരിശോധന നടത്തി കണ്ടെത്തിയ ചില വിവരങ്ങൾ അതിശയനീയങ്ങൾ തന്നെ ആണ്. മർമ്മഭേദകമായ അസ്ത്രമേററ കർണ്ണൻ മരിച്ചിട്ടില്ല തേജോ സ്ഫുരണമാമടയാളങ്ങൾ കാണുന്നുവെന്നറിയിച്ചതിൻ ഫലമായി വീണ്ടും ശ്രദ്ധിച്ചതിൽ മരണം സംഭവിച്ചിട്ടില്ലെന്നു വ്യക്തമറിഞ്ഞതായി പറയുന്നുണ്ട്. വീണ്ടും ജീവനിടാൻ സാദ്ധ്യതയുണ്ടെന്നും കണ്ടെത്തിയ കഥനമുണ്ട്. ഇതുപോലെയുള്ള ഏതോ രഹസ്യലക്ഷണങ്ങൾ പണ്ടുപണ്ടേ കണ്ടെത്തിയിരുന്നു. ദുര്യോധനൻ മുറിവുകളേററവശനായി ചികിത്സാർത്ഥം തടാകജലത്തിൽ മുങ്ങികിടന്നപ്പോൾ ഏതോ ലക്ഷണം കണ്ടെത്തി ആരോ ഒരാൾ തടാകേ കിടപ്പുണ്ടെന്ന് മനസ്സിലാക്കി വിളിച്ചിറക്കിയ കഥയുണ്ട്. അത്രയുമങ്ങനെ ഇരിക്കട്ടേ നമുക്ക മറെറാരു വിഷയേ കടക്കാം എല്ലാവരും ജീവനേ പോലും സുപരിചിതമെങ്കിലും സുവ്യക്തമറിയാൻ പററിയിട്ടില്ലാത്ത നിലയിലാണ്. ഈ ശക്തിയേ ശാസ്ത്രാനുസരണം വിശദീകരിച്ചു പഠിച്ച് മനസിലാക്കേണ്ടതാണ്. കാലാരംഭം മുതല്ക്കേ ഇതു് മനുഷ്യനാവശ്യമെങ്കിലും മനസിലാക്കിയതു പോരാതെയാണിരിക്കുന്നതു്. ഈ അവ്യക്തത കഴിവതും മാറേറണ്ടതു് മനുഷ്യരാശിയുടെ ആവശ്യം കൂടിയാണ്.

"കുണ്ഡല്യേവ ഭവേത് ശക്തിഃ
താംത്ത് സംചാലയേദ് ബുധഃ
സ്വസ്ഥാദ്ഭ്രുവോർ മദ്ധ്യം
സരസ്വത്യാസ്തു ചാലനം
പ്രാണരോധമഥാ ഭ്യാസാ
ദൃജ്വീകുണ്ഡലിനീ ഭവേത്"

കുണ്ഡലിനി മുഖ്യമായ ഒരു ശക്തിയാണ് ജ്ഞാനി ഇതിനെ ഇളക്കി ഭ്രുവോർ മധ്യത്തിൽ കൊണ്ടുചെല്ലുന്നു. ഇതിനെ ശക്തി ചാലനമെന്നു പറയുന്നു. ഈ ചാലനം കൊണ്ട് കുണ്ഡലിനി ചലിച്ചു തുടങ്ങും മൂലാധാര ചക്ര നിലയയായ ഈ ശക്തിവിശേഷ മഹാമായയെ ശ്രീപാർവ്വതീദേവിയെന്നും പറയുന്നുണ്ട്.

മൂലാധാരം മുതൽ ബ്രഹ്മരന്ധ്രം വരെ നീണ്ടു നിലനില്ക്കുന്ന സുഷുമ്ന എന്നൊരു നാഡിയുണ്ട്. ഇതു തഡിൽ പ്രഭാസദൃശം പ്രശോഭിച്ചു നിലകൊള്ളുന്നു. ഇതിനെ കാശി എന്നാണ് അറിഞ്ഞുവരുന്നതു്. ഇതു പ്രകാശനിലയമെന്നുകൂടി അർത്ഥം വരുത്തി വിശദീകരിച്ചിട്ടുണ്ട്. ഇതിനെ യോഗികൾ വേണ്ടവിധം കൈകാര്യം ചെയ്യുന്നുണ്ട്. ഒരു യോഗി ഇവിടെ വെച്ച് മരണപ്പെടുകയാണെങ്കിൽ അവൻ അധഃപതിക്കയില്ലെന്നു മാത്രമല്ല അവന് മോക്ഷം സാധ്യമാണെന്നും ശാസ്ത്രം കഥിക്കുന്നുണ്ട്. അവനെ രക്ഷിക്കാൻ ഈശ്വരനവിടെ ഉണ്ടാകുമെന്നും പറയും ഭാഗങ്ങളുണ്ട്.

കുണ്ഡലിനീ ശക്തിയെ യോഗമാർഗ്ഗത്തിൽ കൂടി സുഷുമ്നാകവാടത്തിലെത്തിക്കാം അതു് സുഷുമ്നയിൽ പ്രവേശിച്ചാൽ അത്യത്ഭുതകരമായ വേഗത്തിൽ പ്രശോഭ പരിപൂരിതമായി സഹസ്രദളം വരെ എത്തും.

സാധാരണ നിലയിലുള്ള ഉത്തമയോഗികാംക്ക് ആദ്യമായി ബ്രഹ്മഗ്രന്ഥി ഭേദനം നടക്കും. അതായത് സൃഷ്ടികൗതുകം വിട്ട് മേലേക്കയരും, ഇങ്ങനെയരും വേളയിൽ സൃഷ്ടിപരകൗതുകം സ്വയമഴിഞ്ഞു് യോഗി വിഷ്ണു ഗ്രന്ഥിയെ പ്രാപിച്ച് അതിനേയും പൊട്ടിച്ച് പാലന കൗതുകം അതായത് ശ്രേയോ മാർഗ്ഗാന്വേഷണം അതായത് പ്രതാപാദികാം വഹിച്ച് വലിയവനെന്നു ലോകേ തോന്നിപ്പിക്കുന്ന പദവിസമ്പാദന കൗതുകം വെടിഞ്ഞു് പതപാകിയായി ആത്മാന്വേഷണ കൗതുകാൽ അതു തുടങ്ങി വെക്കും. അടുത്തതു് രുദ്രസ്ഥാനമായ ഭ്രൂവോർ മധ്യസങ്കേതേ എത്തലാണ്. ഇവിടമെത്തിയാൽ ആകാശവടിവ് ഒരുതരം ശൂന്യവടിവാന്ന ആകാശവടിവാന്ന് നിർമ്മല നിലയിലെത്തും. ഇതോടെ ഗ്രന്ഥിഭേദനം മുഴമിക്കും. ബ്രഹ്മഗ്രന്ഥി പൊട്ടിച്ച് വിഷ്ണുഗ്രന്ഥിയിലെത്തി അതു പൊട്ടിച്ച് രുദ്രഗ്രന്ഥിയിലെത്തി അതിൻെറ ഭേദനതല്പരത കാട്ടും. ഇവിടമെത്തുമ്പോരം തന്നെ ഒരു യോഗിക്ക്, ഒരു സാധകന് തൃപ്തിയുമാനന്ദവുമുണ്ടാകും എന്നു മാത്രമല്ലാ ആത്മനിലയത്തിലേക്കുള്ള പ്രയാണം പുരോഗമിക്കുന്നു എന്ന ബോധ്യം വരും. ഇവിടെ ലൗകികത്തിൻെറ കെട്ടഴിച്ച് തന്നെ മോചനാർഹനാക്കുന്നു എന്നബോധ്യം വരും. ഇതുതന്നെ കൃതാർത്ഥനാക്കുക തന്നെ ചെയ്യും.

ഇതു് ഷഡാധാരത്തിൻെറ ആറാംപടിയാണ്. ഇവിടെയും നിന്നുകളയരുതു്. ഇനിയും കടക്കേണ്ടും കടമ്പകളുണ്ട്. സാധാരണ ഗ്രന്ഥങ്ങളിൽ ഷഡാധാരേ നിറുത്താനുള്ള ശ്രമം കണ്ടേക്കാം. എന്നാൽ അപൂർവ്വം ചില യോഗ ഗ്രന്ഥങ്ങളിൽ ഇവിടം കൊണ്ടുനിൽക്കുന്നില്ല. കൂടുതൽ വെളിപ്പെടുത്തിയിട്ടുണ്ട്. വിശ്വാസമുറപ്പിക്കുവാൻ

വേണ്ടി ആനിലയങ്ങരം കൂടി പ്രതിപാദ്യവിഷയമാക്കി കാട്ടാം. മണ്ഡലബ്രാഹ്മണോപനിഷത്

"മൂലാധാരാദാരഭ്യ
ബ്രഹ്മരന്ധ്രപര്യന്തം
സുഷുമ്നാസൂര്യാഭം
തന്മധ്യേതടിത്കോടിസമാ
മൃണാളതന്തുസൂക്ഷ്മം
കുണ്ഡലിനീ തത്ര
തമോനിവൃത്തി
തദ്ദർശനാൽസർവ
പാപനിവൃത്തി"

മൂലാധാരം മുതൽ ബ്രഹ്മരന്ധ്രം വരെ സൂര്യസമാനം പ്രകാശിക്കുന്ന സുഷുമ്നാനാഡീമധ്യത്തിൽ കോടിമിന്നർ പിണർ ശോഭയോടെ താമരനൂൽ സമാനം സൂക്ഷ്മവു മായി കുണ്ഡലിനീ എന്നൊരു ശക്തി പ്രശോഭിക്കുന്നു. അജ്ഞാന നാശിനിയായ ഇതിനെ കാണും മാത്രയിൽ തന്നെ സർവ പാപവും നശിക്കും. ജ്ഞാനോദയം ഉട ലെടുക്കും. ചുരുണ്ടുകിടക്കും പ്രകൃതംകൊണ്ടു് ഇതിനെ കുണ്ഡലി എന്നു നാമകരണം ചെയ്തിരിക്കുന്നു.

ഇതിനെ വിവരിക്കുന്നതു് മൂലാധാര ചക്രത്തിൽ സ്ഥിതിചെയ്യും,ശക്തിവിശേഷം – മഹാമായാ – ഭഗവതി ശ്രീപാർവതി എന്നൊക്കെയാണു്. യോഗ, ജ്ഞാന, ഭക്തിയോഗങ്ങരംക്കു് മൂന്നിനും ഇതിനെ വികസിപ്പി ക്കുന്നതിനു്, അതായതു് സുവ്യക്തം വെളിപ്പെടുത്തുന്ന തിനു് കഴിവുണ്ടു്. ഇതു് സത്യത്തിൽ ഒരത്ഭുതപ്രതി ഭാസം തന്നെയാണു്. യോഗവികസനത്തിനുപരി ജ്ഞാനോദയം കാട്ടുന്നതിനും ഇതിനു കഴിവുണ്ടു്. ഈ

കഴിവു് പ്രത്യേകം ശ്രദ്ധേയമാണ താനും. ഇതു് വ്യഥാ വാചകമല്ലാ ഒക്കെ പോലെ വിവരിക്കാം.

പരിശുദ്ധികൊണ്ടോ യോഗമാർഗ്ഗത്താലോ കുണ്ഡലിനീ ശക്തിയെ ഉണത്തിനിദ്രാവതിയായി മൂന്നോളം ചുരുണ്ടു് തലകീഴ്പോട്ടായി കിടക്കും കുണ്ഡലിനിയെ ആത്തുവിട്ടാൽ അതു് ഉയരേഗമിച്ചു പ്രകാശനിലയമായ റിയപ്പെടും സുഷുമ്നയിൽ അഥവാ കാശി എന്നു വിളിക്കപ്പെടും സ്ഥാനത്തെ പ്രാപിച്ചു് ഉജ്ജ്വലത്തായി വീണ്ടും മേലോട്ടുയൻു പല വിധ നിലയങ്ങളിൽ പല വിധ അനുഭവങ്ങരം കണ്ടെത്തും ഷഡാധാരങ്ങളിലായി പല വിധ ലിപിധ്വനികരം അറിവാകും, ഓരോ ആധാരദളങ്ങളിലനുഭവപ്പെടും ശബ്ദങ്ങരം എല്ലാം ചേത്താൽ അമ്പതാകും. അതാണു് സംസ്കൃത ലിപിയുടെ ആധാരം. ഷഡാധാരങ്ങളിലെ ദളങ്ങളിൽ കണ്ടെത്തും അമ്പതു നാഡികരം വഴിയാണു് ശബ്ദാഗമനം.

ഇതിൻെറ ദേവീ ഭാഗവതവിസ്താരം ഗണനീയമാണു്.

''ആധാരംലിംഗവും, നാഭിയുമഥ,ഹൃദയം<br>
കണ്ഠവും, നെററി,യെന്നീ<br>
ദിക്കിൽ_നാ,ലാറു്,പത്താറി, രുദള,മഥര<br>
ണ്ടെട്ടിതരം, രണ്ടുമായും<br>
വാദ്യംസാന്ത്യം ബ,ലാന്തം, ഡഫ,<br>
കഠ, സഹിതം കണ്ഠവത്തിസ്വരാഭം,<br>
ഹക്ഷം, തത്വാത്ഥ യുക്തം സകലദളഗതം<br>
വർണ്ണരൂപം സ്മരിപ്പൂ.

ഇവിടെ ഷഡാധാരങ്ങളുടേയും അധാരദളങ്ങളിൽ ധ്വനിച്ചുയരും ശബ്ദധോരണിയിൽ നിന്നുമാണു് സംസ്കൃതഭാഷ അതിൻെറ അക്ഷരനിഗമനം കണ്ടെത്തിയിരിക്കുന്നതു്.

മലയാളഭാഷക്ക് അമ്പത്തി ആറ് അക്ഷരങ്ങൾ കാണി ക്കുന്നുണ്ടെങ്കിലും ആ ഭാഷാകാലത്തോ അതിനു മുമ്പ് കണ്ടെത്തിയതോ ആയ ദേവനാഗരി എന്ന് അഭിസം ബോധനം ചെയ്യേണ്ടനിലയിൽ ഈശ്വര ധ്വനി തന്നെ ആയ അമ്പതു് നാഡീജന്യ ശബ്ദങ്ങളേയാണ് നാഗരി ലിപി നമുക്കുപ്രദാനം ചെയ്യുന്നതു്. ദളങ്ങളൻമ്പതേ യുള്ള–അതിൽ നിന്നും പുറത്തുവരും ശബ്ദങ്ങളാണ് ധ്വനിയായിട്ടറിയും അമ്പതക്ഷരങ്ങൾ. ഇങ്ങനെ ഈശ്വരദത്ത ധ്വനികൾ രേഖയെ ചെയ്താണ് സംസ്കൃത ലിപി സംവിധാനം ചെയ്തിരിക്കുന്നതു്. അതിനാൽ ലിപിയും സംസ്കൃതമായി.

ഇതിൽ ഓങ്കാരമുൾപ്പെടുന്നില്ല. എന്നാൽ സർവ ശബ്ദകാരണനായി നിലകൊള്ളും ഓങ്കാരം അ, ഉ, മ് എന്നീ മൂന്നക്ഷരം ചേർന്നതെന്നാകിലും അന്ത്യാക്ഷരമായ മകാരത്തിന്റെ അന്ത്യത്തിലുള്ള അർദ്ധമാത്രയിൽ–മ്– എന്ന ധ്വനി മാത്രനായി നില്ക്കും അന്ത്യനേ മുഴക്കമാത്ര നായിക്കണ്ടു് ലിപി വിന്യാസം ചെയ്യണമെന്ന വാദ ഗതിയുണ്ടു്. എന്തെന്നാൽ ഇതു് സർവശബ്ദകാരണ നാണ്. മാത്രമല്ലാ ലോകകാരണനുമാണ്. സർവകാര ണനായ – മ് – എന്ന മുഴക്കം ലോകോല്പത്തിക്കു മുമ്പേ ഉള്ളതാണ്. ശബ്ദബ്രഹ്മമറിഞ്ഞെങ്കിൽ മാത്രമേ നിർവിശേപ്രാപ്തി എത്തുപെടൂ എന്ന വാദഗതി യുമുണ്ടു്. മും എന്ന മുഴക്കം എന്തുകൊണ്ടും ഗണനീയ നാണ്. ഇതെല്ലാം മനസിൽകണ്ടു് ശാസ്ത്രസമ്മതി തേടണം.

ആകാശസൂക്ഷ്മതരു
ഓങ്കാരരൂപഹരി
താൻ തന്നെ എന്നറിക
നാരായണായനമഃ.

ഇതിനേ അല്പം കൂടി വിവരിക്കാം. ആകാശം പഞ്ച ഭൂതങ്ങളിൽ സൂക്ഷ്മഭാവേ മുന്നണിയിലാണ്. അതിന്റെ ബീജതരു—അതായത് ബീജഭാവേന നില്ക്കും അണുവി ലണുവായ് പരിലസിക്കും അണുമാത്രസ്വഭാവനാണ് താൻ തന്നെ ആകും ആത്മാണു എന്നു സാക്ഷാത്കരിച്ചു അതിനെ നാരായണനായി കണ്ടുനമിക്കുന്നു എന്നക്ഷ രാർത്ഥം.

അടുത്തതായി ആന്തര ശരീരസിദ്ധാന്തം അല്പം മന സിലാക്കാം.

മൂലാധാരമെന്നറിയപ്പെടും ചക്രം, കുണ്ഡലിനിയു മായി വളരെ അടുത്തു ബന്ധം പുലത്തുന്നതാണ്. ഇവിടം മുതല്ക്കാണ് ആധാരങ്ങളും ആധാരചക്രങ്ങളും നമ്മേ ശരീരശാസ്ത്രം, ജീവൽ ശാസ്ത്രം, കുണ്ഡലിനീ വിവരണം എന്നല്ല എല്ലാ ചക്രപ്രവത്തനങ്ങളും ഇവകളെ എല്ലാം നമുക്കു കാട്ടിതരുന്നതു്. ഇതിനെ യോഗശാസ്ത്ര ങ്ങൾ മനോഹരമായി വിവരിക്കുന്നുണ്ടു്. കുറെ നമുക്കും മനസ്സിലാക്കി കടക്കാം.

ആദ്യചക്രത്തേ യോഗം മൂലാധാരചക്രം എന്നു പറഞ്ഞു വരുന്നു. ഇതു് ഏററവുമടിയിലുള്ള ചക്രമാണ്. ഇവിടെ കുണ്ഡലിനീ ശക്തി അധിക സമയവും നിദ്രാ വതിയായി കഴിഞ്ഞുവരുന്നു. സർവ ചക്രങ്ങൾക്കും ആധാരമായി നിലകൊള്ളുകയാൽ ഇതിനേ മൂലാധാര ചക്രമെന്നു വിളിക്കുന്നു.

ഇതിനു് നാലു ദളങ്ങളുണ്ടു്. എന്നു പറഞ്ഞാൽനാലു നാഡികൾ എന്നറിയണം. ഇവയിൽ ഈ നാലു നാഡി കളിൽക്കൂടി– വം – ശം – സം–ഷം– എന്നീ നാലു ധ്വനി കൾ ഉടലെടുക്കുന്നു. ഇതുപോലെ ഓരോ ചക്രദളങ്ങളിൽ ക്കൂടി മററു ശബ്ദങ്ങളും ധ്വനിക്കുന്നതായിട്ടറിയാൻ

കഴിയും. അടുത്തതു് സ്വാധിഷ്ഠാനചക്രമാണ്. ഇതിനു് ആറുദളങ്ങളും അതിൽ നിന്നും, ബം_ഭം. മം_യം_രം_ലം എന്ന ആറു ശബ്ദങ്ങളും ഉല്പന്നമാകുന്നു.

അടുത്തതു് മണിപൂര ചക്രമാണു്. ഇതിൽ നിന്നും പത്തു നാഡികൾ പുറപ്പെടുന്നു. ഇവയിൽ നിന്നും ടം-ട്ടം-നം_തം_ഥം_ദം_ധം_നം_പം_ഫം എന്നിങ്ങനെ ഉള്ള പത്തു ധ്വനികൾ ഉത്പന്നമാകുന്നു.

അടുത്തതായി പറയപ്പെടുന്നതു് അനാഹത ചക്രമാണു്. ഇതിനു് പന്ത്രണ്ടു ദളങ്ങളാണു്. ഇവയിൽ നിന്നും_കം_ഖം_ഗം_ഘം_ങം_ചം_ച്ഛം_ജം_ഝം_ഞം-ഡം-ഢം എന്നിങ്ങനെ പന്ത്രണ്ടു ശബ്ദം ഉടലെടുക്കുന്നു.

അടുത്തതു് വിശുദ്ധചക്രമാണു്. ഇതിനു് 16 യോഗനാഡികളുണ്ടു്. ഇവകളിൽ നിന്നും 16 സ്വര ശബ്ദങ്ങൾ ഉണ്ടാകുന്നു.

ഇങ്ങനെ സംസ്കൃതഭാഷയുടെ അക്ഷരങ്ങൾ ദേവ നിർമ്മിതമാണു് ആകകൊണ്ടു് ദേവനാഗരി. എന്നാൽ ഇതിൽ അല്പം പ്രത്യേകതയുള്ള ആജ്ഞാചക്രമെന്നൊന്നുണ്ടു്. ഇതിൽ നിന്നും_ഹം-ക്ഷം_എന്ന ശബ്ദങ്ങൾ ഉടലെടുക്കുന്നതായി പറയപ്പെടുന്നു.

ഇനിയും ഭാരതീയരേവരും പ്രത്യേകമറിഞ്ഞിരിക്കേണ്ട ചില വസ്തുതകൾ നമ്മളുടെ സംസ്കൃതഭാഷയിലുണ്ടു്. അതു് വെറും ശബ്ദങ്ങളെ പറക്കിക്കൂട്ടി ക്രോഡീകരിച്ചതല്ല. ഈശ്വരജന്യമായ ശബ്ദങ്ങൾ അടക്കം ചിട്ടയിലും ആന്തരികമായി പടുത്തുയർത്തിയ ശബ്ദംശാസ്ത്രംപോരാ ശബ്ദമണ്ഡലം തന്നെ ആണു്

നാം ഭാഷാലിപിയിലൂടെ കണ്ടെത്തിയിരിക്കുന്നതെന്നു മനസിലാക്കണം ആഹവനീയഗ്നിയിൽ തുടങ്ങി കുണ്ഡലിനീ ശക്തി വിമൃജ്ജഭണത്തിൽ പ്രവേശിച്ച് ബ്രഹ്മഗ്രന്ഥിയും, വിഷ്ണുഗ്രന്ഥിയും, രുദ്രഗ്രന്ഥിയും ഭേദിച്ചു കടന്ന് നടരാജ നൃത്തധ്വനിയിൽ സഹസ്രദളോപരി എത്തിക്കുന്നതായി സുവ്യക്തം കാട്ടും ഈ ശബ്ദശാസ്ത്രമർമ്മം നമ്മേ ഉദ്ബുദ്ധരാക്കണേ എന്ന പ്രാർത്ഥനയോടെ ഇതിനെ നിങ്ങൾക്കായിക്കൊണ്ട് സമർപ്പിച്ചുകൊള്ളുന്നു.

ഓം തത് സത്.

ഓം ഓം ഓം.

ആകാശ ശബ്ദതരു
ഓങ്കാരരൂപഹരി
താൻതന്നെ എന്നറിക
നാരായണായനമഃ

ഓം

# ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

## ഗ്രന്ഥകാരന്റെ ഇതര കൃതികൾ

ശ്രീധരബോധ മനനം
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
വേദാന്തസരണി
ബാലശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദവേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധരവചനാമൃതം—ഭാഗം 1
ശ്രീധരവചനാമൃതം—ഭാഗം 2
ഉപനിഷത് ശ്രീധര പ്രകാരം
ശ്രീധര ബോധ കിരണം
ശ്രീധരന്റെ ബോധാവലോകനം
ശ്രീധരന്റെ വേദാന്തദർശനം
പ്രബോധശ്രീധരം
ശ്രീധരന്റെ ബോധസുധാകരം
ബോധാകാശ വിഹംഗ
ശ്രീധരന്റെ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ
ശ്രീധര ബോധാമൃതം
വേദവേദാന്തേ ശ്രീധരഗരുഡഗമനം
ശ്രീധരന്റെ വേദാന്താവലോകനം

## മററു പ്രസിദ്ധീകരണങ്ങൾ

വിചാര സാഗരം, ഉത്തരഗീത, അവധൂതഗീത,
ശ്രീഗോപാലഗീത, വേദാന്ത സാരം,
രാമഗോപാലം, ശ്രീധരം.